**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 263** **29-01-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം പബ്ലിക്ക് ഹെൽത്ത് ലാബിന് കെട്ടിടം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിലെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പബ്ലിക് ഹെൽത്ത് ലാബിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി കോട്ടപ്പടിയിൽ വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 20 സെന്റ് സ്ഥലം കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (എ) | ഇതിനായുള്ള ഒരു പ്രൊപ്പോസൽ മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് 05.08.2023 -ൽ നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരു റിപ്പോർട്ട് വിദ്യാഭ്യാസ ഉപഡയറക്ടർ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഈ വിഷയം ഇപ്പോൾ ടി വകുപ്പിന്റെ പരിശോധനയിലാണുള്ളത്. |
| (ബി) | സാങ്കേതിക നടപടിക്രമങ്ങൾ പൂർത്തിയാക്കി എത്രയും വേഗം ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ; | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട് |
| (സി) | പ്രസ്തുത പബ്ലിക് ഹെൽത്ത് ലാബിൽ കൂടുതൽ പരിശോധനാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ? | (സി) | നിലവിൽ മലപ്പുറം ജില്ലാ പബ്ലിക്ക് ഹെൽത്ത് ലാബിൽ clinical pathology, Biochemistry, Microbiology, Serology, Hormone Assey, PCR എന്നീ വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ